## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5210 02.07.2013 ൽ മറുപടിക്ക്

### ജലഗതാഗത വകുപ്പിന്റെ നഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | ജലഗാതഗത വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്; | (എ) | 55 എണ്ണം. |
| (ബി) | പ്രസ്തുത ബോട്ടുകളുടെ അറ്റകുറ്റപണികൾക്ക് ജലഗതാഗത വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (ബി) | ജലഗാതഗത വകുപ്പിന്റെ ആലപ്പുഴ, തേവര യാർഡുകളിൽ ബോട്ടുകളുടെ അടിയന്തിര റിപ്പയറുകൾ നടത്തുന്നതിനുള്ള സംവിധാനം അധുനികവത്കരിച്ച് മെച്ചപ്പെട്ട രീതിയിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ നാല് ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യത്തക്ക രീതിയിൽ 1 കോടി 82 ലക്ഷം രൂപ ചെലവഴിച്ച് ആലപ്പുഴ സ്ലിപ്പ്‌വേ പണി പൂർത്തികരിക്കുകയും, ആലപ്പുഴ പോഞ്ഞിക്കരയിൽ 6 കോടി 82 ലക്ഷം രൂപ ചെലവഴിച്ച് ഡ്രൈഡോക്ക് നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. |
| (സി) | ജലഗതാഗത വകുപ്പിന്റെ കീഴിൽ എവിടെയെല്ലാമാണ് ഡീസൽ പമ്പുകൾ ഉള്ളത്; | (സി) | നിലവിൽ ആലപ്പുഴയിൽ ഡീസൽ പമ്പ് ഉണ്ട്. എറണാകുളം മേഖലയിൽ പുതുതായി ഡീസൽ പമ്പിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. |
| (ഡി) | ജലഗതാഗത വകുപ്പിന്റെ പ്രതിവർഷ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 2009-10 ലെ നഷ്ടം 22.94 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ